## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.135.

01/11/2019 - ൽ മറുപടിക്ക്

### നാക് അക്രഡിറ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ<br>,, എ.എൻ.ഷംസീർ<br>,, യു.ആർ.പ്രദീപ്<br>ശ്രീമതി.വീണാ ജോർജ്ജ് | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം സർവ്വകലാശാലകൾക്കും സർക്കാർ കോളേജുകൾക്കുമാണ് നാക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല എന്നിവയ്ക്കും നാൽപ്പത് സർക്കാർ കോളേജുകൾക്കും നാക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. നാക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള സർക്കാർ കോളേജുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) എല്ലാ സർക്കാർ കോളേജുകളും നാക് അക്രഡിറ്റേഷൻ നേടാൻ പ്രാപ്തമാകും വിധം അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക സൗകര്യങ്ങളും മെച്ചപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സഹകരണത്തോടെ രൂപീകരിക്കപ്പെട്ടിട്ടുള്ള റൂസയുടെ കീഴിൽ സംസ്ഥാനത്തെ സർവ്വകലാശാലകളേയും സർക്കാർ കോളേജുകളേയും NAAC അക്രഡിറ്റേഷൻ നേടിയെടുക്കുന്നതിന് പ്രാപ്തമാക്കുന്നതിനായുള്ള SLQAC (State Level Quaity Assurance Cell) യുടെ രൂപീകരണം അന്തിമ ഘട്ടത്തിലാണ്. കൂടാതെ കോളേജുകളിൽ നിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് നാക് അക്രഡിറ്റേഷന് ആവശ്യമായ ഫീസ് ഉൾപ്പെടെ സർക്കാർ കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ തുക പ്ലാൻ ഫണ്ടിൽ നിന്നും വിവിധ കോളേജുകൾക്കായി അനുവദിച്ച നൽകിയിട്ടുണ്ട്. കോളേജുകളിലെ ഗുണനിലവാരം സംബന്ധിച്ച പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി എല്ലാ കോളേജുകളിലും ഒരു IQAC (Internal Quality Assurance Cell) രൂപീകരിക്കുകയും, ഇവയുടെ |

coordinator ആയി ഒരു അദ്ധ്യാപകനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ കോളേജുകളുടെ NAAC അംഗീകാരത്തിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ഗുണ നിലവാരം നിലനിർത്തുന്നതിനുള്ള പ്രവർത്തന ങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവ IQAC coordinator കോളേജ് തലത്തിൽ നടത്തി വരുന്നുണ്ട്.

(സി) സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസ മുഖേനയും കിഫ്ബി വഴിയും അനുവദിക്കുന്ന ഫണ്ട് സംബന്ധിച്ച വിശദാംശം നൽകാമോ;

സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസ 1-ന്റെ ഘടകം 7-ലും, റൂസ 2-ന്റെ ഘടകം 9-ലും ഉൾപ്പെടുത്തി 2 കോടി രൂപയുടെ ഫണ്ട് ലഭിക്കുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് സ്ഥാപനത്തിൽ നിർമ്മാണ, പുനരുദ്ധാരണ പ്രവർത്തനങ്ങളും, Purchase ഉം നടത്തുവാനുള്ള സൗകര്യം ഉണ്ട്. ഈ പദ്ധതിയുടെ ഭാഗമായി റൂസ 1-ൽ സംസ്ഥാനത്തെ 21 സർക്കാർ കോളേജുകൾക്കും റൂസ-2 ൽ 15 സർക്കാർ കോളേജുകൾക്കും അംഗത്വം ലഭിച്ചിട്ടുണ്ട്. അതോടൊപ്പം, റൂസ 2 പദ്ധതിയിലെ ഘടകം 8-ൽ ഉൾപ്പെടുത്തി സ്വയംഭരണ കോളേജുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനും ഗവേഷണമേഖല യുടെ ഉന്നമനത്തിനുമായി 5 കോടി രൂപ ഫണ്ട് നൽകുന്ന വിഭാഗത്തിൽ സംസ്ഥാനത്തെ സ്വയംഭരണ പദവിയുള്ള ഏക സർക്കാർ കോളേജായ മഹാരാജാസ് കോളേജിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ റൂസ 1-ന്റെ ഭാഗമായി ഘടകം 5-ൽ ഉൾപ്പെടുത്തി ഗവൺമെന്റ് കോളേജ് മൂന്നാറിനെ മാതൃകാ ഡിഗ്രി കോളേജാക്കി മാറ്റുന്നതിനായി 4 കോടി രൂപ ഫണ്ട് ലഭിക്കുന്ന പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.

സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി കിഫ്ബിയിൽ ഉൾപ്പെടുത്തി 48 സർക്കാർ കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 7 എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി 75 കോടി

രൂപയും, 5 പൈതൃക കോളേജുകളുടെ വികസനത്തിനായി 150 കോടി രൂപയും മാറ്റി വെച്ചിട്ടുണ്ട്. പോളീടെക്നിക്കുകളുടെ വികസനത്തിനായി 50 കോടി രൂപയും, പുതുതായി ആരംഭിച്ചിട്ടുള്ള 12 ആർട്സ് & സയൻസ് കോളേജുകൾക്കായി 120 കോടി രൂപയും കിഫ്ബി പദ്ധതി പ്രകാരം വകയിരുത്തിയിട്ടുണ്ട്. മാത്രവുമല്ല പുതിയതായി ആരംഭിച്ച കോളേജുകൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കലിനായി 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| (ഡി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അക്കാദമിക് ഓഡിറ്റ് നടത്താൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ ? | (ഡി) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ രണ്ടു വർഷത്തിലൊരിക്കൽ അക്കാദമിക് ഓഡിറ്റ് നടത്തി വരുന്നു. കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള പഠന വകുപ്പുകളിൽ അക്കാദമിക് ഓഡിറ്റ് നടത്തുന്നതിനായി വിദഗ്ധരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്. ശ്രീ.ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 2019-ൽ സർവ്വകലാശാലാ തലത്തിൽ Peer Team Methodology മാതൃക സ്വീകരിച്ചുകൊണ്ട് അക്കാദമിക് ഓഡിറ്റ് നടത്തി വരുന്നു. കേരള സർവ്വകലാശാലയിൽ അക്കാദമിക് ഓഡിറ്റ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ANNEXURE - 1

| List of NAAC Accredited Government Colleges | |
|---|---|
| Sl.No | Name of College |
| | **Thiruvananthapuram** |
| 1 | Govt.Arts College,Thycaud, Trivandrum, Pin:695014 |
| 2 | Govt.College for Women ,Vazhuthacaud, Thycaud.P.O, Trivandrum,Pin:695014 |
| 3 | University College,Palayam, Trivandrum, Pin:695034 |
| 4 | Govt.College Nedumangad,Trivandrum, Pin:695541 |
| 5 | Govt.College Kariavattom, Kariavattom.P.O, Trivandrum, Pin:695581 |
| 6 | Govt.Sanskrit College,Thiruvananthapuram, Pin: 695034 |
| 7 | KNM Govt.Arts & Science College, Kanjiramkulam, Trivandrum,Pin: 695524 |
| 8 | Govt.College Attingal,Thiruvananthapuram, Pin:695101 |
| 9 | Govt.College of Teacher Education, Thycaud, Trivandrum, Pin:695014 |
| | **Kollam** |
| 10 | BJM Govt.College Chavara, Kollam,Pin:691583 |
| | **Kottayam** |
| 11 | Govt.College Kottayam,Pin:686013 |
| | **Idukki** |
| 12 | Govt.College Kattappana, Idukki, Pin:685508 |
| | **Ernakulam** |
| 13 | T.M.Jacob Memorial Govt.College Manimalakkunnu, Oliyappuram.P.O, Ernakulam,Pin:686662 |

| | |
|---|---|
| 14 | Govt.CollegeTripunithura ,Ernakulam, Pin: 682301 |

| | |
|---|---|
| 15 | Govt.Sanskrit College Tripunithura, Ernakulam, Pin:682301 |
| 16 | Maharaja's College,Ernakulam,Pin: 682011 |
| | **Thrissur** |
| 17 | P.M.Govt.College Chalakkudy, Potta.P.O, Thrissur, Pin: 680722 |
| 18 | K.K.T.M. Govt. College Pullut, Kodungallur.P.O, Thrissur, Pin:680663 |
| 19 | Sri.C Achutha Menon Govt.College, Kuttanellur, Thrissur, Pin:680014 |
| 20 | Govt.Institute of Advanced Study in Education (IASE), Palace Road, Thrissur, Pin:680020 |
| | **Palakkad** |
| 21 | Govt.College Chittur,Palakkad,Pin:678104 |
| 22 | Govt.Victoria College, Palakkad,Pin:678001 |
| 23 | Sree Neelakanda Govt.Sanskrit College, Pattambi, Palakkad,Pin:679306 |
| | **Malapuram** |
| 24 | Govt.College, Tirur,Vakkad.P.O, Malappuram, Pin:676502 |
| 25 | Govt.College Malappuram,Pin: 676509 |
| 26 | P.T.M.Govt College Perinthalmanna, Malappuram,Pin: 679322 |
| | **Kozhikode** |
| 27 | Govt.Arts&Science College, Kozhikode,Pin: 673018 |
| 28 | Govt. College Madapally,Vatakara, Kozhikode, Pin:673102 |
| 29 | Govt. College Mokeri,Mokeri.P.O, Kozhikkode, Pin:673507 |

| | |
|---|---|
| 30 | C.K.G.Memorial Govt.College Perambra, Kozhikode,Pin: 673525 |
| 31 | Govt. College, Kodenchery, Kodenchery.P.O, Kozhikode, Pin:673580 |
| 32 | Govt.College Koyilandy,Muchukunnu.P.O, Koyilandy(via), Kozhikode,Pin:673307 |
| 33 | Govt.College of Teacher Education,Kozhikode,Pin: 673001 |
| | **Wayanad** |
| 34 | N.M.S.M.Govt.College Kalpetta, Puzhamudi.P.O, Wayanad, Pin:673122 |
| 35 | Govt.College Mananthavady, Nallurnadu.P.O, Wayanad, Pin:670645 |
| | **Kannur** |
| 36 | Govt.Brennen College ,Dharmadam, Thalassery, Pin: 670106 |
| 37 | KMM Govt. Women's College, Kannur, Pin:670004 |
| | **Kasaragod** |
| 38 | E.K.N.M.Govt. College Elerithattu, Elerithattu.P.O, Nileshwar(Via) ,Kasaragod, Pin:671314 |
| 39 | G.P.M.Govt.College Manjeswaram, Manjeswaram.P.O, Kasaragod,Pin:671323 |
| 40 | Govt.College Kasaragod,Pin: 671123 |

സെക്ഷൻ ഓഫീസർ